# പതിമൂന്നാം ധനകമ്മീഷനും കേരളവും

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
12.02.2009

കേന്ദ്രനികുതി വരുമാനത്തിന്റെ പകുതി സംസ്ഥാനങ്ങൾക്ക് ഉപാധിരഹിത ഗ്രാന്റായി നൽകുക, സാമൂഹ്യരംഗത്ത് കൈവരിച്ച നേട്ടങ്ങളുടെ പേരിൽ ആ മേഖലയിലേക്കുള്ള ഫണ്ട് വിഹിതം കുറക്കുന്ന പ്രവണത അവസാനിപ്പിക്കുക, വികസന സാധ്യതയുള്ള പുതിയ മേഖലകൾക്കായി മതിയായ ഫണ്ട് അനുവദിക്കുക തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ മുമ്പാകെ കേരളം ഉന്നയിച്ചത്.

വ്യവസായം, കൃഷി, ഐ.ടി., ടൂറിസം തുടങ്ങിയ മേഖലകളിലെ ഊർജ്ജിത വികസനത്തിലാണ് സംസ്ഥാന ഗവൺമെന്റ് ഊന്നൽ നൽകുന്നത്. സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങൾ പുനരുദ്ധരിച്ച് ലാഭത്തിലാക്കുകയും കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സംയുക്തസംരംഭങ്ങൾക്ക് തുടക്കം കുറിച്ച് പുതിയ മുന്നേറ്റത്തിന് വഴി തുറക്കുകയും ചെയ്യുന്നു. അതോടൊപ്പം സ്വാകാര്യമേഖലയുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഐ.ടി. രംഗത്താണെങ്കിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വൻകിട സംരംഭങ്ങളോടൊപ്പം തന്നെ കോഴിക്കോട്ട് ഒരു ഐ.ടി. കേന്ദ്രം സ്ഥാപിക്കാനും ജില്ലകളിൽ ഐ.ടി. പാർക്ക് തുടങ്ങാനും നടപടിയാരംഭിച്ചു. സംസ്ഥാന ആഭ്യന്തരവരുമാനത്തിന്റെ 7.7 ശതമാനവും തൊഴിലവസരങ്ങളുടെ 6.2 ശതമാനവും നൽകുന്ന ടൂറിസം മേഖലയിലാവട്ടെ വൻനിക്ഷേപത്തിനാണ് പശ്ചാത്തലമൊരുക്കുന്നത്. ആ രംഗത്തും പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കാൻ നടപടിയെടുത്തു. കണ്ണൂർ വിമാനത്താവളം നിർമ്മിക്കുന്നതിന് നടപടി പുരോഗമിക്കുന്നു. കാർഷിക രംഗത്താകട്ടെ ഭക്ഷ്യോല്പാദനവർദ്ധനക്ക് സമഗ്രമായ പരിപാടികൾക്ക് തുടക്കം കുറിച്ചു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ രാജ്യത്ത് ഏറ്റവും മുന്നണിയിലാണ് കേരളം. എന്നാൽ ആ രംഗങ്ങളിൽ രണ്ടാം തലമുറ പ്രശ്നങ്ങൾ ഒട്ടേറെയാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് കേന്ദ്രത്തിൽനിന്നും നീതിയുക്തമായതും ഉദാരവുമായ സമീപനമുണ്ടാവണം - ഡോക്ടർ വിനോദ് കേൽക്കർ അധ്യക്ഷനായ കമ്മിറ്റിക്ക് മുമ്പാകെ കേരളം സമർപ്പിച്ച മെമ്മോറാണ്ടം ഈ അടിസ്ഥാനത്തിൽ നിന്നായിരുന്നു. 1313 കോടി രൂപ വകയിരുത്തിക്കൊണ്ടാണ് ഭക്ഷ്യോല്പാദനവർദ്ധനക്കുള്ള കർമ്മപദ്ധതിക്ക് നാം തുടക്കം കുറിച്ചത്. ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, മറ്റ് ഭക്ഷ്യോല്പാദനങ്ങൾ എന്നിവക്ക് കടുത്ത കമ്മി നേരിടുന്ന സാഹചര്യം അതിജീവിക്കാൻ പ്രത്യേക ശ്രദ്ധവേണമെന്ന് ഐക്യരാഷ്ട്ര

സംഘടന തന്നെ നടത്തിയ ആഹ്വാനം നമുക്ക് മുന്നിലുണ്ട്. ഈ സാഹചര്യത്തിൽ കേരളം ആവിഷ്ക്കരിച്ച പദ്ധതി വിപുലപ്പെടുത്താൻ ധനകാര്യകമ്മീഷൻ പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്രീകരണം വർധിക്കുന്ന അനുഭവമാണ് കഴിഞ്ഞ നാല് പതിറ്റാണ്ടായി ഉള്ളത്. ധനകാര്യകമ്മീഷൻ വഴി സംസ്ഥാനങ്ങൾക്ക് ഉപാധി രഹിതമായി നേരിട്ട് ഫണ്ട് അനുവദിക്കുന്നതിൽ കുറവ് വരികയാണ്. പകരം കേന്ദ്രാവിഷ്കൃത പദ്ധതികൾ വർധിക്കുന്നു. ഉപാധികളോടെ മാത്രം ഫണ്ട് അനുവദിക്കുന്നു. സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ കടന്നുകയറിക്കൊണ്ടാണ് മേൽപ്പറഞ്ഞ വിധത്തിൽ ഫണ്ട് തിരിച്ചു വിടുന്നത്. സംസ്ഥാനങ്ങൾക്കുള്ള മൊത്തം സഹായത്തിന്റെ ആറിലൊന്നിലധികമാകരുത് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്ന് നാലാം പഞ്ചവത്സരപദ്ധതി രൂപീകരണഘട്ടത്തിൽ ദേശീയവികസന സമിതി നിർദ്ദേശിച്ചതാണ്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലും സോപാധിക ഗ്രാന്റുകളിലുമാണ് കേന്ദ്രത്തിന് താല്പര്യം. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന പദ്ധതികളുടെ ഭാഗമാക്കുകയും അതിനുള്ള പണം സംസ്ഥാനങ്ങൾക്ക് നൽകുകയുമാണാവശ്യം. പ്രത്യേകിച്ചും സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന മേഖലകളിലെ പദ്ധതികൾ, കേരളം ധനകമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഊന്നി പറയുന്നു. കേന്ദ്രനികുതി വരുമാനത്തിന്റെ 30.5 ശതമാനമാണ് ഇപ്പോൾ സംസ്ഥാനങ്ങൾക്ക് നൽകുന്നത്. അത് 2010-11 മുതൽ ഒന്നിച്ചോ നാല് കൊല്ലംകൊണ്ട് ക്രമത്തിലോ 50 ശതമാനമായി വർധിപ്പിക്കണം.

ധനകാര്യകമ്മീഷൻ ഫണ്ട് അനുവദിക്കുന്നതിൽ ഏറ്റവുമധികം വിവേചനത്തിനിരയാവുന്ന സംസ്ഥാനമാണ് കേരളം. ചില സംസ്ഥാനങ്ങൾക്ക് വൻതോതിൽ പണം അനുവദിക്കുമ്പോൾ ചില സംസ്ഥാനങ്ങൾ വല്ലാതെ അവഗണിക്കപ്പെടുന്നു. പത്താം കമ്മീഷൻ മൊത്തം തുകയുടെ 3.875 ശതമാനമാണ് കേരളത്തിന് അനുവദിച്ചത്. 11-ാം കമ്മീഷൻ 3.57 ശതമാനവും 12-ാം കമ്മീഷൻ 2.665 ശതമാനവുമായി കുറച്ചു. അതായത് പന്ത്രണ്ടാം ധനകമ്മീഷൻ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ അവാർഡാണ് കേരളത്തിന് നൽകിയത്. പതിമൂന്നാം ധനകമ്മീഷൻ ഈ അവഗണന അവസാനിപ്പിക്കുകയും പത്താം കമ്മീഷൻ അവാർഡിന്റെ തോതിനോടടുത്ത് നിൽക്കുന്ന സമീപനം സ്വീകരിക്കുമെന്നും പ്രത്യാശിക്കാം.

ശമ്പളം, പെൻഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം, ജലസേചന-മാരാമത്ത് പ്രവൃത്തികൾ എന്നിവക്കുവേണ്ടിയാണ് സംസ്ഥാനത്തിന്റെ ചെലവിലെ സിംഹഭാഗവും. അഞ്ച് വർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. അടുത്ത ശമ്പളപരിഷ്ക്കരണ നടപടികൾക്ക് സമയമായിക്കഴിഞ്ഞു. അതിനായി

വേണ്ടിവരുന്ന തുക കണക്കാക്കി പ്രത്യേക ഗ്രാന്റ് അനുവദിക്കാൻ ധനകമ്മീഷൻ തയ്യാറാ കേണ്ടതുണ്ട്.

റവന്യുകമ്മി പരിഹരിക്കുന്നതിന് പ്രത്യേക ഗ്രാന്റനുവദിക്കുന്ന കാര്യത്തിൽ പത്തും പതി നൊന്നും ധനകമ്മീഷൻ കേരളത്തോട് പൂർണമായും അവഗണനയാണ് കാട്ടിയത്. പന്ത്രണ്ടാം ധനകമ്മീഷനാകട്ടെ കേവലം 470 കോടി രൂപ ആയിനത്തിൽ നൽകി. വിവിധ സംസ്ഥാനങ്ങൾക്കായി ഈയിനത്തിൽ നൽകിയ മൊത്തം ഗ്രാന്റിന്റെ 0.83 ശതമാനം മാത്രമാണിത്. ഇത്തവണ റവന്യുകമ്മി ശരിയായി വിലയിരുത്തി സംസ്ഥാനത്തിന് വിഹിതം നൽകുമെന്നാണ് പ്രതീക്ഷ. പദ്ധതി - പദ്ധതിയേതര ഇനങ്ങളിലും പുതിയ മൂലധ നനിക്ഷേപത്തിനുമായി റവന്യുകമ്മി പരിഹാര ഗ്രാന്റ് നൽകണം. സംസ്ഥാനങ്ങളുടെ ഋണഭാരം കുറച്ചുകൊണ്ടുവരാൻ പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യവും അക്കാര്യ ത്തിൽ കേരളത്തിന് വേണ്ടത്ര പരിഗണന നൽകാനും പതിമൂന്നാം ധനകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുക, സാമൂഹ്യ ക്ഷേമരംഗങ്ങളിലെ നേട്ട ങ്ങൾ നിലനിർത്തുക, ആരോഗ്യ-വിദ്യാഭ്യാസമേഖലകളിലെ രണ്ടാം തലമുറ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുകയും ഗുണപരമായ മുന്നേറ്റമുണ്ടാക്കുകയും ചെയ്യുക, സിവിൽസർവീസ് കൂടുതൽ കാര്യക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങളിലെല്ലാം ഊന്നി ക്കൊണ്ട് 32809 കോടി രൂപയുടെ നിർദേശങ്ങളാണ് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിരി ക്കുന്നത്. സംസ്ഥാന ഗവൺമെന്റുമായുള്ള ചർച്ചയിൽ പതിമൂന്നാം ധനകമ്മീഷൻ ചെയർമാൻ ഡോ. വിനോദ് കേൽക്കർ മുന്നോട്ടുവെച്ച ചില നിർദ്ദേശങ്ങളും വിമർശന ങ്ങളും വിവാദമായിട്ടുണ്ട്. പെൻഷൻ പ്രായം വർധിപ്പിക്കണം, തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളിൽ വിവിധ സേവനങ്ങൾക്ക് യൂസർചാർജ് ഏർപ്പെടുത്തണം, അഞ്ച് വർഷത്തിലൊ രിക്കലുള്ള ശമ്പള പരിഷ്ക്കരണം എന്ന പതിവ് മാറ്റി ശമ്പളപരിഷ്ക്കരണത്തിന്റെ കാലപ രിധി കൂട്ടണം എന്നു തുടങ്ങിയ നിർദ്ദേശങ്ങളാണ് കമ്മീഷൻ ചെയർമാൻ മുന്നോട്ടുവെച്ച ത്. സംസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥവെച്ച് ഈ നിർദ്ദേശങ്ങളൊന്നും പ്രായോഗികമ ല്ലെന്ന് അപ്പോൾത്തന്നെ വ്യക്തമാക്കുകയുണ്ടായി.

ഏതായാലും പതിമൂന്നാം ധനകാര്യകമ്മീഷൻ കേരളത്തോട് നീതികാട്ടുമെന്ന് പ്രതീ ക്ഷിക്കാം.